f) കാകളി വൃത്തത്തെ ഉദാഹരണം മൂലം വിവരിക്കുക.

g) ദ്വിത്വസന്ധി എന്നാലെന്ത് ?

7. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (5 x 2 = 10)

a) ലോപസന്ധിക്ക് രണ്ട് ഉദാഹരണമെഴുതുക.

b) സന്ധി എന്നാലെന്ത് ?

c) രൂപകം എന്നാലെന്ത് ?

d) തരംഗിണി വൃത്തത്തിന്റെ ലക്ഷണം ഉദാഹരണത്തിലൂടെ വിവരിക്കുക.

e) ദൃഷ്ടാന്താലങ്കാരം ഉദാഹരണ സഹിതം വ്യക്തമാക്കുക.

f) ഉഭയ സന്ധി എന്നാലെന്ത് ?

g) കേകാവൃത്തത്തിന്റെ ലക്ഷണമെന്ത് ?

Register Number :

Name of the Candidate :

**5 0 0 4**

# B.A./ B.Sc. / B.C.A./ B.Music./B. Dance DEGREE EXAMINATION, 2013

( FIRST YEAR )

**( PART - I - MALAYALAM )**

( PAPER - I )

## 514 / 113. POETRY AND GRAMMAR

**കവിതയും വ്യാകരണവും**

*( Candidates joined during 2009 - 2010 and after)*

May ] [ Time : 3 Hours

Maximum : 100 Marks

**I. എല്ലാ ചോദ്യങ്ങൾക്കു ഉത്തരമെഴുതുക.** (4 x 15 = 60)

1. "പെങ്ങൾ" എന്ന കവിതയിൽ അനാവരണം ചെയ്യുന്ന സഹോദരീ സഹോദര ബന്ധം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

"മഴുവിന്റെ കഥ" യിലൂടെ പ്രകടമാകുന്ന മനുഷ്യ വാസനകളെയും അവ ഉളവാക്കുന്ന ധാർമ്മിക പ്രശ്നങ്ങളേയും വിവരിക്കുക.

**Turn over**

2. മനുഷ്യാവസ്ഥയുടെ പരിണാമം കൂടി പ്രതിഫലിപ്പിക്കുന്ന കവിതയാണ് "അമ്പലമണി" പരിശോധിക്കുക.

**അല്ലെങ്കിൽ**

കാട്ടുപാതയിലൂടെ നടക്കുന്ന കൊമ്പൻകണ്ട കാഴ്ചകളെ "സഹ്യന്റെ മകനിൽ" വിവരിക്കുന്നതെങ്ങനെ ?

3. ഗതകാല സ്മരണകൾക്ക് മാന്ത്രികതയുടെ പരിവേഷം പകരുന്ന കവിതയാണ് "സഫലമീയാത്ര" - സ്പഷ്ടമാക്കുക.

**അല്ലെങ്കിൽ**

"ഹിമാലയൻ പ്രണയം" എന്ന കവിതയുടെ സവിശേഷതകൾ വിലയിരുത്തുക.

4. **കവിക്കുണ്ടായ ചില വ്യക്തിപരമായ അനുഭവങ്ങളെ മുൻ നിർത്തി എഴുതിയ കവിതയാണ് "സഹ്യന്റെ മകൻ" - കവിയുടെ അനുഭവങ്ങൾ വിശദമാക്കുക.**

**അല്ലെങ്കിൽ**

**"കളിയച്ഛൻ" എന്ന കവിതയിലെ വിവിധങ്ങളായ അർത്ഥതലങ്ങൾ വിശദീകരിച്ച് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

5. **ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (4 x 5 = 20)

a) **ജീവിതയാത്രയിൽ സഖിയുടെ പ്രാധാന്യത്തെ പ്രകടമാക്കുന്ന "നമുക്കന്യോന്യം മൂന്നു വടികളായ് നിൽക്കാം" എന്ന വരിയിലെ ആശയം വിശദമാക്കുക.**



b) "ഇന്നൊരു വേഷവും കിട്ടാതുഴന്നു പോയൊന്നാം കിടക്കാരനാകാൻ മുതിർന്നവൻ" ഈ വരികളിൽ നിഴലിക്കുന്ന ദർശനം വ്യക്തമാക്കുക.

c) കൊമ്പൻ മുന്നോട്ടാഞ്ഞു കാലിലെ കൂച്ചു ചങ്ങല പൊട്ടിയപ്പോൾ ഉണ്ടായ കോലാഹലം കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

d) "കെട്ടേണ്ട വേഷം ഗുരുശാപമേറ്റവൻ" ഈ പ്രതിഷേധ ഗർജ്ജനത്തിന്റെ പശ്ചാത്തലം വിശദമാക്കുക.

e) പിച്ചിചീന്തിയ പോലെ തോന്നി

പെങ്ങൾക്കഞ്ചിത ജീവിതചിത്രം - പെങ്ങൾക്ക് ജീവിതം ഇപ്രകാരം തോന്നാനിടയായ സാഹചര്യം വ്യക്തമാക്കുക.

f) ഈ മണി തനിച്ചിന്നു പാടുമ്പൊളിപ്പൊഴും ജീവ ചൈതന്യ മുണരുന്നു - സാരസ്യം വ്യക്തമാക്കുക.

g) ഭാസുരഭാവിക്ക് രാഹുവാണീഭക്തി - ഭാവം തളിക്കാത്തൊരുന്നത്ത ഗൗരവം ഈ വരികളിൽ പ്രകടമാക്കുന്ന ജീവിത വീക്ഷണം വിലയിരുത്തുക.

6. **ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (5 x 2 = 10)

a) വിഭക്തി എന്നാലെന്ത് ? അവ ഏതെല്ലാം ?

b) ശ്ലേഷാലങ്കാരം എന്നാലെന്ത് ?

c) മിശ്രവിഭക്തി എന്നാലെന്ത് ?

d) അതിശയോക്തി എന്നാലെന്ത് ? അവ ഏതെല്ലാം വിധത്തിൽ പ്രയോഗിച്ചു കാണുന്നു ?

e) വൃത്തം എന്നാലെന്ത് ?